# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം – ശ്രീ. അഭിലാഷ് എസ്., ക്ലർക്ക്, ജയിലാസ്ഥാനകാര്യാലയം – ആർജ്ജിതാവധി, അർദ്ധവേതനാവധി, ശൂന്യവേതനാവധി എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം : 06.03.2023 തീയതിയിലെ ശ്രീ. അഭിലാഷ് എസ്.ന്റെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ. E1-3711/2023/PrHQ; തീയതി : 30-03-2023</u>**

ജയിലാസ്ഥാനകാര്യാലയത്തിലെ ക്ലർക്ക് ശ്രീ. അഭിലാഷ് എസ്. 01.04.2023 മുതൽ 31.05.2023 വരെ 61 ദിവസം ആർജ്ജിതാവധിയും 01.06.2023 മുതൽ 31.07.2023 വരെ 61 ദിവസം അർദ്ധവേതനാവധിയും 01.08.2023 മുതൽ 30.09.2023 വരെ 61 ദിവസം ശൂന്യവേതനാവധിയും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പരാമർശത്തിലെ അപേക്ഷ പരിഗണിച്ച് ജയിൽ ആസ്ഥാനകാര്യാലയത്തിലെ ക്ലർക്ക്, ശ്രീ. അഭിലാഷ് എസ്.ന് കേരളാ സർവ്വീസ് ചട്ടം ഭാഗം I, ചട്ടം 78, 82, 88 എന്നിവ പ്രകാരം 01.04.2023 മുതൽ 31.05.2023 വരെ 61 ദിവസം ആർജ്ജിതാവധിയും 01.06.2023 മുതൽ 31.07.2023 വരെ 61 ദിവസം അർദ്ധവേതനാവധിയും 01.08.2023 മുതൽ 30.09.2023 വരെ 61 ദിവസം ശൂന്യവേതനാവധിയും (Without Medical Certificate) (പിൻചേർപ്പ് 01.10.2023, 02.10.2023) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടി അവധിയെ തുടർന്ന് ടിയാന്റെ ക്രഡിറ്റിൽ 9 8/11 ആർജ്ജിതാവധികൾ, 11 അർദ്ധവേതനാവധികൾ അവശേഷിക്കുന്നു. അവധിയെ തുടർന്നും ടി ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയിൽ തുടരുകയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിലും, ഹാജർ പുസ്തകത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവധി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പരിശോധന വിഭാഗത്തിലെ IW2 സീറ്റിലെ ക്ലർക്ക് ശ്രീ. മുഹമ്മദ് മുസ്തഫ കെ.യെ ശ്രീ. അഭിലാഷ് എസ്. നിലവിൽ കൈകാര്യം ചെയ്യുന്ന P1 സീറ്റിലേക്ക് സീറ്റ് മാറ്റം നൽകികൊണ്ടും IW2 സീറ്റിന്റെ പൂർണ്ണ അധിക ചുമതല IW1 സീറ്റിലെ സീനിയർ ക്ലർക്ക് ശ്രീ. ബിനിൽ പി.എസ്.ന് നൽകികൊണ്ടും ഉത്തരവാകുന്നു.

പി1 സീറ്റിന്റെ ചുമതല ശ്രീ.മുഹമ്മദ് മുസ്തഫ. കെ അടിയന്തിരമായി ഏറ്റെടുക്കേണ്ടതും, ടി സീറ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും രജിസ്റ്ററുകളും ശ്രീ. അഭിലാഷ്. എസ് അവധിയിൽ പ്രവേശിക്കുന്നതിന് മുൻപ് കൈപ്പറ്റേണ്ടതുമാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ശ്രീ. അഭിലാഷ് എസ്.,
ക്ലർക്ക്,
ജയിലാസ്ഥാനകാര്യാലയം.
2. ശ്രീ. മുഹമ്മദ് മുസ്തഫ കെ.
ക്ലർക്ക്,
ജയിലാസ്ഥാനകാര്യാലയം.
3. ശ്രീ. ബിനിൽ പി.എസ്.,
സീനിയർ ക്ലർക്ക്,
ജയിലാസ്ഥാനകാര്യാലയം

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും